# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3280 19.06.2018 ൽ മറുപടിയ്ക്ക്**

**<u>വാഹനാപകടം കുറയ്ക്കുന്നതിന് നടപടി</u>**

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ടിപ്പർ ലോറികളുടെ അമിത വേഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ; | (എ) | ടിപ്പർ ലോറികളുടെ അമിത വേഗം നിയന്ത്രിക്കുന്നതിനു പ്രത്യേക പരിശോധനകൾ ഇടയ്ക്കിടെ നടത്തുന്നുണ്ട്. ബഹു: സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് വാഹനാപകടം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; അശ്രദ്ധ, അമിതവേഗം, മദ്യപിച്ച് വാഹനമോടിക്കൽ ഇവയുടെ പേരിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര ലൈസൻസ് റദ്ദുചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പരിശോധനകൾ സംഘടിപ്പിച്ചുവരുന്നു. ഇതു കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി. ഇതുവഴി അപകടം കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും, അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നു. നിലവിൽ നാഷണൽ ഹൈവേയിലെ ചേർത്തല മുതൽ മഞ്ചേശ്വരം വരെ ക്യാമറാ നിരീക്ഷണ സംവിധാനത്തിലാണ്. ഈ മേഖലയിലെ സ്ഥിരം അപകട മേഖലകളിലും വാഹനങ്ങൾ അമിത വേഗതയിൽ സഞ്ചരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിപ്പിച്ചു വരുന്നു. ഇവ കൂടാതെ വാളയാർ - വടക്കഞ്ചേരി നാഷണൽ ഹൈവേയിൽ ക്യാമറാനിരീക്ഷണ സംവിധാന ങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ GPS അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ സ്വകാര്യ ബസുകളിലും, ടാക്സികളിലും, എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളിലും ഈ സംവിധാനം നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതു വഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, മത്സര ഓട്ടം, അമിത വേഗത, ട്രിപ്പുകൾ തെറ്റിക്കുന്നത്, റൂട്ട് മാറിയുള്ള സർവീസ് നടത്തൽ |

| | | | |
|---|---|---|---|
| | | | എന്നിവ എളുപ്പത്തിൽ കണ്ടുപിടിക്കുവാൻ കഴിയുകയും നിയമലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. ആയതു വഴി അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കാൻ സാധിക്കും. കൂടാതെ നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാപരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്തു ആട്ടോമേറ്റഡ് ഡ്രൈവിങ്ങ് ലൈസൻസ് സംവിധാനം, വാഹന ക്ഷമതാ പരിശോധനാ കേന്ദ്രങ്ങളും എല്ലാ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതു കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽ നിന്നും ശക്തമാക്കിയിട്ടുണ്ട്<br><br>ഈ സർക്കാരിന്റെ കാലത്ത് വിവിധ നിയമലംഘനങ്ങൾക്കായി ആകെ 46078 പേരുടെ ലൈസൻസ് റദ്ദുചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ